പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *386 17/10/2011 ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ പരമ്പരാഗതതൊഴിൽ മേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്തെ ആദിവാസികളുടെ പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | സംസ്ഥാനത്തെ ആദിവാസികളുടെ പരമ്പരാഗത കൈത്തൊഴിലും കരവിരുതും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി കേന്ദ്രസർക്കാർ അനുവദിച്ച 8, 31,12,426/- രൂപ ഉപയോഗിച്ച് പട്ടികവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി കൊച്ചിയിൽ Tribal Complex എന്ന പേരിൽ ഒരു സ്ഥിരം വിപണനശാലയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. 'പ്രത്യേക കേന്ദ്ര സഹായ പദ്ധതി' 'പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി' എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലയിൽ വനവിഭവ ശേഖരണം, കാർഷിക മേഖലയിൽ പണിയായുധങ്ങൾ |

| | | | |
|---|---|---|---|
| | | | വിതരണം, ഔഷധ സസ്യകൃഷിക്കുള്ള ധനസഹായം, വംശീയവൈദ്യൻമാർക്കുള്ള ധനസഹായം എന്നിവ നൽകുന്നുണ്ട്. ഇവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ, അവർക്ക് തന്നെ നേരിട്ട് വിപണനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എല്ലാ വർഷവും രണ്ട് മേളകൾ 'ഗദ്ദിക' എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നു. ഈ മേളകളിലൂടെ പട്ടികവർഗ്ഗക്കാർക്ക് അവർ ഉദ്പ്പാദിപ്പിക്കുന്ന ഉൽപ്പന്നം വിപണനം ചെയ്യുന്നതിന് സൗകര്യം ലഭിക്കുകയും അതുവഴി ആയതിന് ന്യായമായ വില ലഭ്യമാക്കുന്നതിനും സാധിക്കുന്നു. കൂടാതെ എല്ലാ വർഷവും ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന IITF-ൽ വകുപ്പ് പങ്കെടുക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ബി) | ഈ മേഖലയെ സംരക്ഷിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ; | (ബി) | ലഭ്യമാണ്. |
| (സി) | ഈ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് ഇവരുടെ ഉൽപ്പന്നങ്ങൾ ലാഭകരമായി വിറ്റഴിക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എല്ലാ വർഷവും രണ്ട് മേളകൾ 'ഗദ്ദിക' എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നു. ഈ മേളകളിലൂടെ പട്ടികവർഗ്ഗക്കാർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നം വിപണനം ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | സൗകര്യം ലഭിക്കുകയും അതുവഴി ആയതിന് ന്യായമായ വില ലഭ്യമാക്കുന്നതിനും സാധിക്കുന്നു. കൂടാതെ എല്ലാ വർഷവും ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന IITF-ൽ വകുപ്പ് പങ്കെടുക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ